## ചോദ്യോത്തരം

**മുജീബ്**

# സ്വർഗം വിലക്കുകളുടെ സാക്ഷാത്കാരത്തിന്?

■ *മനുഷ്യന് അല്ലാഹുവിന് കീഴ്പ്പെടാനും അവനെ ധിക്കരിക്കാനും സ്വാതന്ത്ര്യമുള്ളതും ഇല്ലാത്തതുമായ രണ്ട് വശമാണുള്ളത്. സ്വാതന്ത്ര്യം നൽകിയ മേഖലയിൽ അല്ലാഹു നൽകിയ മാർഗനിർദേശങ്ങളനുസരിച്ച് കീഴ്പ്പെടുമോ ഇല്ലേ എന്നതാണ് മനുഷ്യർക്കുള്ള ഈ ലോകത്തെ പരീക്ഷണം. ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും അല്ലാഹു നൽകിയ മാർഗനിർദേശത്തിൽ ചില വിലക്കുകളും നമുക്ക് കാണാവുന്നതാണ്. അവയൊക്കെയും മനുഷ്യന്റെ മനസ്സ് കൊതിക്കുന്നതാണെങ്കിലും വർജിക്കാനാണ് അല്ലാഹു കൽപിക്കുന്നത്. വിലക്കുകൾക്ക് ഒരുപാട് കാരണങ്ങൾ പറയാറുണ്ട്. മാനുഷികമൂല്യങ്ങളുടെ പൂർത്തീകരണം, ആത്മാവിന്റെ സന്തുലനം, ജീവിതത്തിന്റെ വിശുദ്ധി - ഇതൊക്കെ അവയിൽ ചിലതു മാത്രം. അന്തിമമായി മരണശേഷം സ്വർഗവും ലഭിക്കുന്നതാണ്. എങ്കിൽ ചോദ്യമിതാണ്: എണ്ണിപ്പറഞ്ഞ നന്മകൾ ആർജിക്കാനായി വിലക്കിയവയൊക്കെയും നാളെ പരലോകത്ത് സുലഭമായി അനുവദിക്കുന്നതിലൂടെ മനുഷ്യനിലുണ്ടാവേണ്ട നന്മകൾ മരണമെന്ന താൽക്കാലിക അതിർവരമ്പിനിപ്പുറം പരിമിതപ്പെടുത്തിയതിൽ വൈരുധ്യമില്ലേ? ഒരു സ്ത്രീയെപോലും വ്യഭിചരിക്കുന്നത് വിലക്കിയപ്പോൾ പരലോകത്ത് ഇഷ്ടം പോലെ അനുവദിക്കുന്നു. മദ്യം ഒരു കപ്പ് പോലും ഇവിടെ നിഷിദ്ധമാക്കിയപ്പോൾ നാളെ മദ്യപ്പുഴ സമ്മാനിക്കുന്നു. ഈ ലോകത്തെ വിലക്കുകളിലൂടെ മനുഷ്യന് സമ്മാനിക്കുന്ന നന്മകൾ യഥാർഥത്തിൽ ഉണ്ടാവേണ്ട പരലോകത്ത് അതവർക്ക് ലഭിക്കുന്നില്ല എന്ന് മാത്രമല്ല താന്തോന്നികളാവാൻ അവരെ അനുവദിക്കുകയല്ലേ അല്ലാഹു ചെയ്തിട്ടുള്ളത്? എന്റെ സുഹൃത്തായ യുക്തിവാദിയുടെ ചോദ്യമാണിത്. മുജീബിന്റെ പ്രതികരണം?*

***ഫാറൂഖ് കരിയാട്***
***തലശ്ശേരി***

**പ**രീക്ഷണാലയമായ ദുൻയാവിൽ അല്ലാഹു മനുഷ്യന് സ്വാതന്ത്ര്യം നൽകിയ മേഖലയിൽ അനുവദനീയവും നിർബന്ധവും നിരോധിതവുമായ കാര്യങ്ങൾ നിശ്ചയിച്ചത് വിധിവിലക്കുകൾ മനുഷ്യൻ പാലിക്കുന്നുണ്ടോ എന്ന് പരീക്ഷിക്കാനാണെന്നത് ശരിയാണ്. പരീക്ഷണത്തിൽ വിജയിച്ചവർക്ക് മരണാനന്തര ജീവിതത്തിൽ സ്വർഗവും പരാജിതർക്ക് നരകവും ഉറപ്പാണെന്നതും സത്യമാണ്. എന്നാൽ അല്ലാഹുവിന്റെ വിധിവിലക്കുകൾക്ക് ഈയൊരു മാനം മാത്രമല്ല ഉള്ളത്. ഇഹലോകത്ത് മനുഷ്യജീവിതം സമാധാനപൂർണവും സുഭിക്ഷവും ആയിരിക്കണമെങ്കിൽതന്നെ യുക്തിമാനായ അല്ലാഹുവിന്റെ കൽപനകൾ പാലിച്ചേ മതിയാവൂ. അല്ലെങ്കിൽ അരാജകത്വവും അശാന്തിയുമാണ് ഫലമെന്ന് ഇന്നേവരെയുള്ള ചരിത്രാനുഭവങ്ങൾ മാത്രമല്ല വർത്തമാനകാല സാഹചര്യങ്ങളും തെളിയിക്കുന്നു. ചോദ്യകർത്താവ് എടുത്തിട്ട ഉദാഹരണങ്ങൾ തന്നെയെടുക്കാം. നൈമിഷികസുഖത്തിനു വേണ്ടി വ്യഭിചാരം നിയമാനുസൃതമാക്കി എന്നു തന്നെ കരുതുക (ഒട്ടേറെ രാജ്യങ്ങളിൽ അതിപ്പോൾ കുറ്റകരമല്ല). എങ്കിൽ വല്ലവന്റെയും മാതാവുമായോ സഹോദരിയുമായോ ഭാര്യയുമായോ പുത്രിയുമായോ ആയിരിക്കണമല്ലോ ഈ അവിഹിതബന്ധം സ്ഥാപിക്കുന്നത്? സ്വന്തം കാര്യത്തിൽ ആരെങ്കിലും അത് സമ്മതിക്കാൻ തയാറാണോ? സമ്മതമില്ലാതെ നടന്നാൽ അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ സ്വാസ്ഥ്യവും സുഖവുമാണോ അതോ കുഴപ്പവും അരാജകത്വവുമോ? മനസ്സമതം ഉണ്ടായി എന്നുതന്നെ കരുതുക. അതുകൊണ്ട് എയിഡ്സോ ഉഷ്ണരോഗങ്ങളോ ഇല്ലാതാവുമോ? ജാരസന്തതികൾ ഇല്ലാതിരിക്കുമോ? കുടുംബകലഹങ്ങൾ ഒഴിവാക്കാനാവുമോ? അപ്പോൾ വ്യഭിചാര നിരോധമെന്നത് കേവലം ഭൗതികമായിപ്പോലും അനുപേക്ഷ്യമാണെന്ന് വ്യക്തമാണ്. ഇതുതന്നെ മദ്യത്തിന്റെയും കഥ. കുടിക്കുന്നവന് നൈമിഷികമായി എന്തോ ഹരം പകരാൻ മദ്യത്തിന് സാധിച്ചാൽതന്നെ അതുമൂലം ലഹരിയും ലഹരി ബാധിച്ചവന്റെ പരാക്രമങ്ങളും ആരോഗ്യപ്രശ്നങ്ങളും തടയാൻ വിലക്കില്ലായ്മക്ക് സാധിക്കുമോ? മദ്യനിരോധം വേണ്ടെന്ന് പറയുന്ന മദ്യപർ പോലും പറയുന്നത് അത് അപ്രായോഗികമാണ് എന്നാണ്; മദ്യം ഗുണകരമാണെന്നല്ല. ചൂഷണോപാധിയായ പലിശയെക്കുറിച്ചും കൊല, കൊള്ള, മോഷണം, വിശ്വാസവഞ്ചന തുടങ്ങിയ കുറ്റകൃത്യങ്ങളെക്കുറിച്ചും പ്രസക്തമാണ് ഈ മറുവശം. ചുരുക്കത്തിൽ, പരലോകമോക്ഷം എന്ന ഒരൊറ്റ ബിന്ദുവിൽ ഒതുങ്ങുന്നതല്ല ദൈവിക വിധിവിലക്കുകളുടെ പ്രസക്തി; ഐഹിക സമാധാനത്തിനും അത് കൂടിയേ തീരൂ.

ഇനി പരലോകത്തിലെ കാര്യം. സ്വർഗത്തിൽ വിലക്കുകളൊക്കെയും നീങ്ങുമെന്നും വ്യഭിചാരവും മദ്യപാനവും മറ്റു കുറ്റകൃത്യങ്ങളും യഥേഷ്ടം നടക്കുമെന്നും ആരാണ് പറഞ്ഞത്? ഭൗതികജീവിത ലക്ഷ്യമായ ദൈവപ്രീതി നേടിക്കഴിഞ്ഞിരിക്കെ ആരാധനാനുഷ്ഠാനങ്ങൾക്ക് പ്രസക്തി മരണാനന്തര ജീവിതത്തിൽ ഇല്ലെന്നത് ശരി. അതേസമയം സ്വർഗത്തിൽ ലഭിക്കുന്ന മദ്യത്തിന് ലഹരി ഇല്ലെന്ന് ഖുർആൻ സംശയാതീതമായി വ്യക്തമാക്കിയിട്ടുണ്ട് (37:44-47). അപ്സരസ്സുകളാകട്ടെ അല്ലാഹു സ്വർഗാവകാശികൾക്കായി ഒരുക്കിയ ഇണകളാണ്; അവർ മറ്റാരുടെയും സ്പർശനം ഏൽക്കാത്തവരുമാണ്. അവരുമായുള്ള ലൈംഗികജീവിതം വ്യഭിചാരമാവുന്നതെങ്ങനെ? ഏകപത്നീവ്രതം സ്വർഗത്തിൽ ആവശ്യമില്ലെന്നത് മാത്രമാണ് സംഭവം. പിന്നെ സാമ്പത്തിക പരാധീനതകളോ പ്രശ്നങ്ങളോ ഇല്ലാത്തതിനാൽ പലിശ, ചൂതാട്ടം, മോഷണം, കൊള്ള, കൈക്കൂലി പോലുള്ള കുറ്റങ്ങളുടെ പ്രശ്നവും ഉത്ഭവിക്കുന്നില്ല. എല്ലാവരും സമന്മാരും പരസ്പരം പകയോ വെറുപ്പോ വിദ്വേഷമോ ഇല്ലാത്ത ആത്മസുഹൃത്തുക്കളും ആയി കഴിയുന്ന, പ്രവാചകന്മാരുടെയും മഹാത്മാക്കളുടെയും സഹവാസം ലഭ്യമാവുന്ന, സർവോപരി ദൈവപ്രീതിയും സാമീപ്യവും എന്ന അവാച്യമായ ആനന്ദം അനുഭവിക്കുന്ന അതുല്യമായ അനുഭൂതിയായിരിക്കും ഖുർആൻ വിഭാവനം ചെയ്ത

സ്വർഗം. ഇതു വേണ്ടെന്ന് വെക്കുന്നവർക്ക് നഷ്ടമാവുന്നത് അതു മാത്രമല്ല ഇഹലോകത്തിലെ സമാധാനം കൂടിയാണ്.

## പ്രബോധനത്തിലെ യുക്തിദീക്ഷ

■ *“തൗഹീദ് പ്രഭാഷണങ്ങൾ അത്യധികം സൂക്ഷ്മതയോടെ നിർവഹിക്കേണ്ട കാര്യമാണ്. നമ്മുടെ തൗഹീദ് പ്രഭാഷണം കൊണ്ട് ഒരാളെങ്കിലും തൗഹീദിൽ നിന്നും കൂടുതൽ അകലുന്ന അവസ്ഥയുണ്ടായാൽ കുറ്റക്കാർ ആരാണ്? അത്യധികം വേദനയോടെയാണ് ഈ വരികൾ കുറിക്കുന്നത്.... ഗുണകാംക്ഷയുടെ നേരിയ അംശം പോലും ഇല്ലാതെ തൗഹീദിൽനിന്നും തെറ്റിപ്പോയവരെ എങ്ങനെയാണ് തിരിച്ചുകൊണ്ടുവരിക? അസഭ്യവർഷങ്ങളും അശ്ലീല വാക്കുകളും പ്രയോഗിച്ച് നിർവഹിക്കേണ്ടതാണോ ഇസ്‌ലാമിക ദഅ്‌വത്ത്? ബിദ്അത്തുകൾ വാശിയോടെ തഴച്ചുവളരുന്നതിനു പിന്നിൽ നമ്മുടെതന്നെ പ്രവർത്തനങ്ങൾ ഉണ്ട് എന്നത് കാണാതെ പോകാമോ? പിടിവാശിയാണ് ബിദ്അത്ത് പ്രസ്ഥാനങ്ങളുടെ ഏറ്റവും വലിയ ദൗർബല്യം. ആ പിടിവാശിയെ കൂടുതൽ ഉഗ്രമാക്കാനാണ് ശ്രമങ്ങളെങ്കിൽ അത് മറ്റെന്തൊക്കെയോ ആകുമെങ്കിലും ദഅ്‌വത്ത് ആകില്ല. കുറ്റിയറ്റുപോയ അനേകം ബിദ്അത്തുകൾ ഇന്ന് മടങ്ങിവരികയാണ്. അനാവശ്യമായ പ്രകോപനങ്ങൾ നമ്മുടെ ഭാഗത്തുനിന്നുണ്ടായാൽ ഇനിയും മുമ്പില്ലാത്ത പലതും നാട്ടിലെത്തും” (ശബാബ്, 2007 ഫെബ്രുവരി 2 പേജ് 11).*
*തൗഹീദിന്റെ സമഗ്രതയെ തള്ളിക്കളയുന്ന വൈകല്യം സ്വതവേ പേറുന്ന ഒരു വിഭാഗം ആരാധനാ ശിർക്കിനും ബിദ്അത്തിനുമെതിരെയുള്ള തങ്ങളുടെ പരിമിതമായ പ്രവർത്തനമേഖലയിൽ അനുവർത്തിക്കുന്ന ശൈലിയെക്കുറിച്ച് അവരിലെ തന്നെ ഒരു സുമനസ്സ് കുറിച്ചിട്ട വരികളാണിവ. കേവല സംഘടനാ മത്സരശൈലി എന്നതിലുപരി 'ദഅ്‌വത്തുൻ ഇലല്ലാഹ്' എന്ന തലത്തിലേക്ക് ഉയരാനാവാത്ത പ്രസ്തുത രീതി സമീപകാലത്ത് വരുത്തിവെച്ച പ്രത്യാഘാതങ്ങൾ ഈ വരികളിൽ വ്യക്തമാകുന്നുണ്ട്. മുജീബ് ഇതിനെ എങ്ങനെ വിലയിരുത്തുന്നു?*

***പി.എം മുഹമ്മദ് അശ്ഫാഖ്***
***വടകര***

**'യു**ക്തിപൂർവമായും സദുപദേശം വഴിയും നിന്റെ രക്ഷിതാവിന്റെ സരണിയിലേക്ക് ക്ഷണിക്കുക' എന്ന ദൈവിക ശാസനയുടെ സ്വാഭാവിക താൽപര്യമാണ് പ്രബോധനത്തിന്റെയും സംസ്കരണ പ്രവർത്തനങ്ങളുടെയും യുക്തിദീക്ഷ. മഹാ മുറാളനായിരുന്ന ഫറോവയുടെ സന്നിധിയിലേക്കയച്ച മൂസാ, ഹാറൂൻ (അ) സഹോദരന്മാരോട് അല്ലാഹുവിന്റെ ശാസന മൃദുവായി മാത്രം സംസാരിക്കാനായിരുന്നു. അല്ലാഹുവിന്റെ കാരുണ്യാതിരേകം കൊണ്ടാണ് താങ്കൾ പ്രബോധിതരോട് മൃദുസമീപനം സ്വീകരിച്ചതെന്ന് നബി(സ)യെ അല്ലാഹു ഓർമിപ്പിച്ചതും കാണാം. ഈ വസ്തുതകൾ ആദ്യമേ മനസ്സിലാക്കിയ ജമാഅത്തെ ഇസ്‌ലാമി സമുദായത്തിൽ ശിർക്ക്-ബിദ്അത്തുകളിൽ അകപ്പെട്ടുപോയ സഹോദരന്മാരോട് യുക്തിപൂർവമായും സ്നേഹത്തിന്റെ ഭാഷയിലും മാത്രം സംവദിച്ചു. അത് പൊറുക്കാനാവാത്ത വീഴ്ചയായി അവതരിപ്പിക്കുകയായിരുന്നു ഉൽപതിഷ്ണു പ്രസ്ഥാനത്തിലെ തീവ്രവാദികൾ. ശിർക്ക് ചെയ്യുന്നവരെ മുശ്‌രിക്കുകൾ എന്നുതന്നെ വിളിക്കണമെന്ന് അവർക്ക് നിർബന്ധമുണ്ടായിരുന്നു. തങ്ങൾ ബിദ്അത്തുകളായി പ്രഖ്യാപിച്ചതൊക്കെ ചെയ്യുന്നവരെ അവർ ശത്രുക്കളായി കരുതി. ഏറെ വൈകിയാണെങ്കിലും ചിലർക്കെങ്കിലും സദ്ബുദ്ധി ഉദിക്കുന്നത് സ്വാഗതാർഹമാണ്. ആർജവമുള്ള ഈ നിലപാട് പരമാവധി മുജാഹിദുകളെ ബോധ്യപ്പെടുത്താൻ അവർ ശ്രമിച്ചാൽ സാമുദായികാന്തരീക്ഷം ഗണ്യമായി മെച്ചപ്പെടും.

## മനസ്സ് വിശാലമാവണം

■ *മുസ്‌ലിം പള്ളിയുടെ സമീപത്ത് താമസിച്ചിരുന്ന സഹോദര സമുദായത്തിൽ പെട്ട മാന്യനും നാട്ടുകാർക്ക് പ്രിയപ്പെട്ടവനുമായ വ്യക്തി മരണപ്പെട്ടപ്പോൾ മരണവിവരം പ്രസ്തുത പള്ളിയുടെ ഉച്ചഭാഷിണിയിലൂടെ അറിയിക്കുകയുണ്ടായി. ഈ നടപടിയുടെ പേരിൽ യാഥാസ്ഥിതികർ കോളിളക്കം സൃഷ്ടിച്ചിരിക്കുകയാണ്. മുജീബിന്റെ പ്രതികരണം?*

***നജ്മുദ്ദീൻ തേരിയിൽ***
***ഷാർജ***

**ബ**ഹുമത സമൂഹത്തിൽ ജീവിക്കുന്ന മുസ്‌ലിംകൾ മനസ്സിലാക്കുകയും തിരുത്തുകയും നടപ്പാക്കുകയും ചെയ്യേണ്ട ചില കാര്യങ്ങളുണ്ട്. ഇസ്‌ലാം സങ്കുചിതവും വർഗീയവും പക്ഷപാതപരവുമായ ഒരു ജീവിതദർശനമല്ല. അത് മുഴുവൻ മനുഷ്യരെയും സംബോധന ചെയ്യുന്ന, സമാധാനപരമായ സഹവർത്തിത്വവും സൗഹൃദവും ഉദ്ഘോഷിക്കുന്ന ആദർശമാണെന്ന സത്യമാണ് ഒന്നാമതായി ഉൾക്കൊള്ളേണ്ടത്. വെറും പാരമ്പര്യമതമായും മാനവികതയുടെ മുഖം നഷ്ടപ്പെട്ട ആചാരാനുഷ്ഠാനങ്ങളുടെ ചട്ടക്കൂടായും ഇസ്‌ലാമിനെ തെറ്റിദ്ധരിച്ചതാണ് പ്രശ്നങ്ങളുടെ നാരായവേര്. അല്ലാഹുവിനെ ആരാധിക്കാൻ മാത്രമായി നിർമിതമായ പള്ളികളിലൂടെ സർവവിധ ശിർക്ക്-ബിദ്അത്തുകളുടെയും ശബ്ദഘോഷം പാടുണ്ടെന്നും തങ്ങളുടെ അയൽക്കാരായ മനുഷ്യരെക്കുറിച്ച നിർദോഷമായ ഒരറിയിപ്പു പോലും പാടില്ലെന്നും വാദിക്കുന്നത് വിവരക്കേടിന്റെയും ബുദ്ധിശൂന്യതയുടെയും ആഴമാണ് കുറിക്കുന്നത്. ഒരു മൃതദേഹം ഖബ്റടക്കാൻ കൊണ്ടുപോവുന്നത് കാണാനിടയായ പ്രവാചകൻ (സ) ആദരസൂചകമായി എഴുന്നേറ്റുനിന്നു. അതുകണ്ട ശിഷ്യന്മാർ മയ്യിത്ത് യഹൂദിയുടേതാണെന്ന് ഓർമിപ്പിച്ചു. 'അയാളും മനുഷ്യനല്ലേ' എന്നായിരുന്നു പുണ്യപ്രവാചകന്റെ പ്രതികരണം. അമുസ്‌ലിം പ്രതിനിധിസംഘങ്ങളുമായി അദ്ദേഹം ചർച്ചകൾ നടത്തിയത് അതിവിശുദ്ധമായ തന്റെ പള്ളിയിൽ വെച്ചായിരുന്നു. ഈ സംസ്കാരമാണ് യഥാർഥ വിശ്വാസികൾക്ക് മാതൃക.

## ജനകീയ പ്രസ്ഥാനമാവുന്നില്ല

■ *ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി ഇതുവരെ ഒരു ജനകീയ പ്രസ്ഥാനമായി വളർന്നിട്ടില്ല. ജമാഅത്തിന്റെ സഹായങ്ങൾ സ്വീകരിക്കുകയും ജമാഅത്തിനെ സഹായിക്കുകയും ചെയ്തുവരുന്ന ഒരു വലിയ വ്യൂഹം രാജ്യത്ത് നിലവിലുണ്ടെങ്കിലും ജമാഅത്തിലേക്ക് കടന്നുവരാൻ ഇവർ തയാറാകുന്നില്ല. ജമാഅത്തിനെ എതിർക്കുകയും ഒപ്പം പതിയിരുന്ന് ഹൈജാക്ക് ചെയ്യുകയും ചെയ്യുന്ന ഇതര സംഘടനകൾ കൂടി ഉണ്ടാകുമ്പോൾ ജമാഅത്ത് ഈ അവസ്ഥയിൽനിന്ന് കരകയറുമെന്ന് പ്രതീക്ഷിക്കാമോ?*

***നസീർ പള്ളിക്കൽ***

**കാ**ര്യഗ്രഹണ ശേഷിയുള്ളവരിൽ ആദർശപരമായി ബോധവത്കരണം നടത്തി പരമാവധി പ്രവർത്തകരെ കണ്ടെത്തിയ ശേഷം അവരെ ഉപയോഗിച്ച് ബഹുജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുക എന്ന രീതിയും തന്ത്രവുമാണ് ചിന്താപ്രസ്ഥാനം കൂടിയായ ജമാഅത്തെ ഇസ്‌ലാമി ആരംഭത്തിലേ സ്വീകരിച്ചുവന്നത്. എന്നാൽ വളർച്ചയുടെ അടുത്തഘട്ടത്തിൽ പൊതുസമൂഹത്തിലെ ബോധവത്കരണവും ജനസമ്പർക്കങ്ങളും ജനസേവനവും പ്രസ്ഥാനത്തിന്റെ അജണ്ടയിൽ അർഹമായ സ്ഥാനം നേടി. ഇപ്പോൾ അംഗസംഖ്യ പരിമിതമാണെങ്കിലും ജമാഅത്തെ ഇസ്‌ലാമിയുടെ ആദർശാശയങ്ങൾക്കും നയനിലപാടുകൾക്കും വ്യാപകമായ സ്വാധീനമുണ്ട്; നല്ലൊരു വിഭാഗം ജനങ്ങൾ പ്രസ്ഥാനത്തിന്റെ സാമൂഹിക സേവന സംരംഭങ്ങളോട് സഹകരിക്കുന്നുമുണ്ട്. അവരെല്ലാം സംഘടനയിൽ അംഗത്വമെടുക്കുന്നില്ലെന്നത് വേറെ കാര്യം. ജനജീവിതത്തെ അഗാധമായി സ്വാധീനിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന രാഷ്ട്രീയത്തിൽ സജീവമായി ഇടപെടാ

ത്തേടത്തോളം കാലം ഏതു പ്രസ്ഥാന ത്തിനും ജനകീയാടിത്തറ വിപുലപ്പെടു ത്തുക എളുപ്പമല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പു കളിൽ വ്യക്തികൾ സ്വന്തമായി മത്സരി ക്കുന്നതിന് അനുകൂലമായേ ഇപ്പോൾ ജ മാഅത്ത് തീരുമാനമെടുത്തിട്ടുള്ളൂ. പ്ര സ്ഥാനം രാഷ്ട്രീയ പാർട്ടിയായി മാറുക യോ വിശാല രാഷ്ട്രീയവേദി രൂപപ്പെടു ത്തി പിന്തുണക്കുകയോ ചെയ്തുകൊണ്ട് സജീവ രാഷ്ട്രീയപ്രവേശം ഉറപ്പാകു മ്പോൾ ജനപിന്തുണ വർധിപ്പിക്കാനാ വും. അതിനു മുമ്പും ജനകീയ പ്രശ്നങ്ങ ളിലെ ഇടപെടലുകളിലൂടെ അടിത്തറ വി കസിപ്പിക്കാനാവും. അടുത്ത ചതുർവർഷ പോളിസി-പ്രോഗ്രാമിൽ ഈ ദിശയിലുള്ള കാൽവെപ്പുകളുണ്ടാവുമെന്നാണ് കരുതേ ണ്ടത്.

## മുജാഹിദുകളുടെ നിലപാട്

■ *"ജമാഅത്തുകാരല്ലാത്ത മുസ്‌ലിംകൾ ഇന്ത്യൻ ജനാധിപത്യവ്യവസ്ഥയോട് സ ഹകരിച്ചുകൊണ്ട് തെരഞ്ഞെടുപ്പ് സംവി ധാനത്തിൽ പങ്കെടുക്കുമ്പോൾ അത് തൗ ഹീദിന് വിരുദ്ധവും ശിർക്കുമാണെന്ന് ജമാഅത്തുകാർ വാദിച്ചു. ജമാഅത്തു കാർ വോട്ട് ചെയ്യുന്നതിൽനിന്ന് വിട്ടു നിൽക്കുകയും ചെയ്തു. ഇസ്‌ലാമിലെ തൗഹീദ് ഇങ്ങനെയല്ല എന്ന് അപ്പോൾ മുജാഹിദുകൾക്ക് വിമർശിക്കേണ്ടതുണ്ടാ യിരുന്നു. അതിൽ ഒരു കുറ്റബോധവും മു ജാഹിദുകൾക്കില്ലതാനും. മുജാഹിദുകളെ വിമർശിക്കുക എന്ന പ്രത്യേക അജണ്ട യാണ് ജമാഅത്തിന്റെ ബോധനം എന്ന പ്രസിദ്ധീകരണത്തിനുള്ളത്. ഇതൊക്കെ ആദർശതലത്തിലുള്ള കാര്യങ്ങളാണ്. മുജാഹിദുകൾ നടത്തുന്ന സിമ്പോസിയ ങ്ങളിലും സെമിനാറുകളിലും ചിലപ്പോ ഴൊക്കെ ജമാഅത്തുകാരെയും ക്ഷണി ക്കാറുണ്ട്"* (വിചിന്തനം വാരിക 2007 *ഫെബ്രുവരി 16). മുജീബിന്റെ പ്രതിക രണം?*

***ടി. മാജിദ അത്തോളി***

**ജ**മാഅത്തെ ഇസ്‌ലാമി വാദിച്ച തൊക്കെയും ഇപ്പോഴും അതിന്റെ പ്രസി ദ്ധീകരണങ്ങളിലുണ്ട്. വിമർശന ങ്ങൾക്കുള്ള മറുപടികളുമുണ്ട്. എടുത്ത് വായിച്ചുനോക്കി ആർക്കും സംശയനി വൃത്തി വരുത്താവുന്നതേയുള്ളൂ. അല്ലാ ഹുവിന്റെ പരമാധികാരത്തെ നിരാകരിച്ച് സ്വയം ദൈവം ചമഞ്ഞ് സൃഷ്ടികളുടെ മേൽ ആധിപത്യം പുലർത്തുന്നവർ ആ രായാലും അവരെ ചോദ്യം ചെയ്യാതെ അനുസരിക്കുന്നതും നിയമനിർമാണത്തി നുള്ള അധീശാധികാരം സമ്മതിച്ചുകൊ ടുക്കുന്നതും ശിർക്കാണെന്നേ ജമാഅത്ത് പണ്ടേ പറഞ്ഞിട്ടുള്ളൂ. അല്ലാതെ ജനാധി പത്യവ്യവസ്ഥയിൽ തെരഞ്ഞെടുപ്പിൽ എങ്ങനെ പങ്കെടുക്കുന്നതും ശിർക്കാ ണെന്ന് ജമാഅത്ത് പറഞ്ഞിട്ടില്ല. അല്ലാ ഹുവിന്റെ പരമാധികാരത്തെയോ ഇസ്‌ലാ മിന്റെ രാഷ്ട്രീയ സിദ്ധാന്തങ്ങളെയോ അംഗീകരിക്കാത്ത, മനുഷ്യനിർമിത പ്രത്യയശാസ്ത്രങ്ങളുടെ പേരിൽ നില കൊള്ളുന്ന രാഷ്ട്രീയ പാർട്ടികളിൽ അംഗ ത്വമെടുക്കുകയും തെരഞ്ഞെടുപ്പിൽ മത്സ രിക്കുകയും അധികാര പങ്കാളിത്തം വഹി ക്കുകയും ചെയ്യുന്നതിനോട് ജമാഅത്തെ ഇസ്‌ലാമിക്ക് താത്ത്വികമായി വിയോജിപ്പു ണ്ട്. ഇങ്ങനെ ചെയ്യുന്നവർ അത്തരം പാർട്ടികളുടെ മാനവികവിരുദ്ധ, മുസ്‌ലിംവിരുദ്ധ ചെയ്തികളിൽ പങ്കാളിക ളാവുകകൂടി ചെയ്യുമ്പോൾ എതിർപ്പ് രൂക്ഷമാവുന്നു. ഇതേപ്പറ്റിയൊക്കെ ആശ യസംവാദങ്ങൾക്ക് ജമാഅത്ത് എപ്പോഴും തയാറാണ്. *ബോധനം* ദ്വൈമാസികയിലെ ലേഖനങ്ങളും ഈ സംവാദത്തിന്റെ ഭാഗ മാണ്. അതേസമയം യോജിക്കാവുന്ന പൊതുകാര്യങ്ങളിൽ സഹകരിക്കാൻ ആദർശപരമോ ആശയപരമോ ആയ ഭിന്നിപ്പുകൾ തടസ്സമാവേണ്ടതല്ല. നിർഭാ ഗ്യവശാൽ തീർത്തും നിഷേധാത്മകമാണ് പലപ്പോഴും മുജാഹിദ് നേതൃത്വത്തിന്റെ നിലപാട്. തീവ്രവാദം പോലുള്ള ഗുരുത രവും എന്നാൽ അടിസ്ഥാനരഹിതവുമായ ആരോപണങ്ങൾ പോലും അവർ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ മേൽ കെട്ടിയേൽപിക്കുകയും യഥാർഥ തീവ്ര വാദികളെ സന്തോഷിപ്പിക്കുകയും ചെയ്യു ന്നു. ഇത് നീതിയല്ല.

## അവാസ്തവ പ്രചാരണം

■ *മൗദൂദി സാഹിബിന്റെ ഖബ്ർ രണ്ട് അ ടി ഉയരത്തിൽ കെട്ടിപ്പൊക്കി അതിൽ പ നിനീർ പൂക്കൾ വിതച്ചും ചന്ദനത്തിരി ക ത്തിച്ചും വെച്ചിട്ടുണ്ട് ('ഓർമകളുടെ തീര ത്ത്', പേജ് 377, പ്രസാധനം: സൽസ ബീൽ, മുജാഹിദ് സെന്റർ, കൊച്ചി-2). ഇ ത് തെറ്റല്ലേ? ജമാഅത്തുകാർ ഇങ്ങനെ ചെയ്യാൻ പാടുണ്ടോ?*

***കെ.വി അഹ്മദ് യാസിർ***
***കൽപകഞ്ചേരി***

**അ**വാസ്തവമെന്ന് പലതവണ ചൂ ണ്ടിക്കാട്ടിയ ആരോപണമാണിത്. സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി (1903-1979)യു ടെ ഖബ്റിടം അദ്ദേഹത്തിന്റെ വീട്ടുവള പ്പിലാണ്. അത് കെട്ടിപ്പൊക്കിയിട്ടില്ല, അ തിന്മേൽ പൂവിതറാറോ ചന്ദനത്തിരി ക ത്തിക്കാറോ ഇല്ല. മരത്തിന്റെ ചുവട്ടിലായ തുകൊണ്ട് ചില കാലങ്ങളിൽ പൂക്കൾ ഖ ബ്റിന്മേൽ വീണിരിക്കാം. പരേതനായ കെ. ഉമർ മൗലവി രേഖപ്പെടുത്തിയ ഈ അസത്യം പ്രസാധകർ തിരുത്തേണ്ടതാ യിരുന്നു. ■